# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 423

## 03/03/2020 ൽ മറുപടി നൽകേണ്ടത്

**ക്ഷേമ പെൻഷനുകൾ വാങ്ങുന്നവരിലെ അനർഹർ**

**ചോദ്യം**

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. എം.സി.കമറുദ്ദീൻ

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്

**മറുപടി**

ഡോ. റ്റി.എം.തോമസ് ഐസക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സാമൂഹ്യ സുരക്ഷാ, ക്ഷേമ പെൻഷനുകൾ വാങ്ങുന്നവരിലെ അനർഹരെ കണ്ടെത്തുന്നതിനുള്ള മസ്റ്ററിങ്ങ് പൂർത്തിയായോ; | മസ്റ്ററിംഗ് നടത്തുന്നതിന് 2019 നവംബർ 11 മുതൽ 2020 ഫെബ്രുവരി 15 വരെ സമയം അനുവദിച്ചിരുന്നു. ഈ സമയപരിധിക്കുള്ളിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ 91.5% പേരും ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളിൽ 87.14 % പേരും മസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | എത്ര പേർ അനർഹരായി പെൻഷൻ വാങ്ങുന്നതായിട്ടാണ് കണ്ടെത്തിയത്; | മസ്റ്ററിംഗ് നടത്താത്തവരിൽ കുറച്ചു പേർ കൂടി പലവിധ കാരണങ്ങളാൽ മസ്റ്ററിംഗ് ചെയ്യാൻ കഴിയാതെ പോയവരായിട്ടുണ്ടാകാം. അതിന്റെ വിവരങ്ങൾ കൂടി ലഭ്യമായാലേ അന്തിമ കണക്കുകളിൽ എത്തിച്ചേരാനാകൂ. ജീവിച്ചിരിപ്പുണ്ടോ, സ്ഥലത്ത് സ്ഥിരതാമസമുണ്ടോ, പുനർ വിവാഹിതർ വിധവാ പെൻഷൻ കൈപ്പറ്റുന്നുണ്ടോ എന്നീ വിവരങ്ങൾ മാത്രമാണ് മസ്റ്ററിംഗ് ഘട്ടത്തിൽ പ്രധാനമായും പരിശോധിക്കപ്പെട്ടിട്ടുള്ളത്. മറ്റ് അർഹതാ മാനദണ്ഡങ്ങൾ ഈ ഘട്ടത്തിൽ വിശദമായി പരിശോധിച്ചിട്ടില്ല. ഈ വിഭാഗത്തിൽ തന്നെ വലിയ ഒരു നമ്പർ അനർഹർ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. |
| (സി) | അനർഹരെ ഒഴിവാക്കുന്നതിലൂടെ പ്രതിവർഷം എത്ര രൂപ ലാഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | ഈ പ്രക്രിയ പൂർത്തിയായാൽ മാത്രമേ അവസാന കണക്കുകളിൽ എത്തിച്ചേരാനാകൂ. നിലവിലെ കണക്കുകൾ പ്രകാരം പ്രതിവർഷം ഏകദേശം 706.20 കോടി രൂപയുടെ ചെലവ് ഒഴിവാക്കാനാകും |

സെക്ഷൻ ഓഫീസർ